## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2626** — **09.05.2017 ൽ മറുപടിയ്ക്ക്**

### കൃഷിഭൂമിയുടെ അളവും പച്ചക്കറികളുടെ ദൈനംദിന ഉപയോഗവും

**ചോദ്യം**
**ശ്രീ.പി.കെ. ശശി**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് 2007-08 ലെ തരിശുഭൂമിയുടെയും കൃഷിയ്ക്കുപയോഗിക്കാതെ മറ്റാവശ്യങ്ങൾക്കുപയോഗിച്ച കൃഷിഭൂമിയുടെയും വെറുതെയിട്ടിട്ടുള്ള കൃഷിഭൂമിയുടെയും അളവ് എത്രയെന്നും ആയത് 2015-16 ൽ എത്രയെന്നും വ്യക്തമാക്കുമോ;

എ) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2007-08, 2015-16 വർഷങ്ങളിലെ തരിശുഭൂമിയുടേയും വെറുതെയിട്ടിട്ടുള്ള കൃഷിഭൂമിയുടേയും വിസ്തൃതി ഇപ്രകാരമാണ്.

| ക്രമ നം. | വിവരണം | വർഷം | |
|---|---|---|---|
| | | **2007-08** | **2015-16** |
| 1 | തരിശുഭൂമി വിസ്തൃതി | 128167 ഹെക്ടർ | 125261 ഹെക്ടർ |
| 2. | വെറുതെയിട്ടിട്ടുള്ള കൃഷി ഭൂമി | 92764 ഹെക്ടർ | 99499 ഹെക്ടർ |

മറ്റാവശ്യങ്ങൾക്കുപയോഗിച്ച കൃഷിഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

ബി) സംസ്ഥാനത്ത് 2007-08 ൽ പച്ചക്കറികൾ കൃഷിചെയ്തിരുന്ന കൃഷിഭൂമിയുടെ അളവും ഉല്പാദിപ്പിച്ച ഉല്പന്നങ്ങളുടെ അളവും എത്രയെന്നും ആയത് 2015-16-ൽ എത്രയെന്നും 2016-17-ൽ ഈ സർക്കാർ കാലയളവിൽ എത്രയെന്നും വ്യക്തമാക്കുമോ;

ബി)

| ക്രമ നമ്പർ | വർഷം | കൃഷി ഭൂമിയുടെ അളവ് (ഹെക്ടർ) | ഉല്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|---|---|
| 1 | 2007-08 | 47831 | 5.74 |
| 2 | 2015-16 | 46578 | 6.28 |
| 3 | 2016-17 | 52830 | 7.25 |

| | |
|---|---|
| സി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളുടെ ദൈനംദിന ഉപയോഗം എത്രയെന്നും എത്ര അളവ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നു എന്നും എത്ര അളവ് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു എന്നും വ്യക്തമാക്കുമോ? | സി) 2016-17-ൽ പ്രതിദിന പ്രതിശീർഷ ആളോഹരി പച്ചക്കറി ആവശ്യം 160 ഗ്രാം ആണ്. ഇത് ജനസംഖ്യയുമായി (343.94 ലക്ഷം) പൊരുത്തപ്പെടുത്തുമ്പോൾ ഒരു ദിവസം 5503 ടൺ പച്ചക്കറി വേണ്ടി വരും. അതു പ്രകാരം ഒരു വർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിൽ 7.25 മെട്രിക് ടൺ മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. ശേഷിച്ച 12.84 മെട്രിക് ടൺ പച്ചക്കറികൾക്ക് മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. |

s. [signature]

**സെക്ഷൻ ഓഫീസർ**